## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2891 **06/11/2019-ൽ** മറുപടിയ്ക്ക്

## ' ഷോപ്പിംഗ് മാളുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ '

**ചോദ്യം**

**ശ്രീ.കെ.ജെ. മാക്സി :**

**മറുപടി**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്തെ സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ സമാന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളും തൊഴിൽ സാഹചര്യവും മിനിമം നിലവാരമുള്ളതാകാനും തൊഴിൽഉറപ്പ് ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു.<br><br>കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുന്നത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. .<br><br>വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസറുടെ (എൻഫോഴ്സ്മെന്റ് ) നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. |

സംസ്ഥാനത്തെ മാളുകളിൽ 15/06/2019 തീയതിയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 139 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ആയതിൽ 59 സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യമില്ലാത്തതും 136 സ്ഥാപനങ്ങളിൽ മറ്റ് നിയമലംഘനങ്ങളും കണ്ടെത്തുകയും ടി 136 സ്ഥാപനങ്ങൾക്ക് നിയമലംഘനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) ആയതുവഴി എത്ര തൊഴിലാളികൾക്ക് ഗുണം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ ആകെ 6257 ഓളം തൊഴിലാളികൾക്ക് ഇതിന്റെ ഗുണം നേരിട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് വേണ്ടുന്ന പരിരക്ഷ ലഭിക്കുന്നില്ല എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; ആയത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമ ലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ പരിശോധന ഉത്തരവ് നൽകി അപാകത പരിഹരിക്കുന്നതിന് നിർദ്ദേശിക്കുകയും ആയത് പരിഹരിക്കാത്ത പക്ഷം കാരണം കാണിക്കൽ നോട്ടീസ് നൽകി പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) ഇത്തരത്തിലെ തൊഴിലാളി വിരുദ്ധ പ്രവൃത്തികൾ നടത്തിയതുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങളുടെ പേരിൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) വയനാട് ജില്ലയിൽ 6 , കാസർഗോഡ് ജില്ലയിൽ 4, കോഴിക്കോട് ജില്ലയിൽ 4, കണ്ണൂർ ജില്ലയിൽ 20 സ്ഥാപനങ്ങൾക്കെതിരെയും മലപ്പുറം ജില്ലയിൽ 1 സ്ഥാപനത്തിനെതിരെയും നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം റീജിയണൽ ലേബർ കമ്മീഷണറുടെ കീഴിലുള്ള വിവിധ ജില്ലകളിൽ 6 ക്ലെയിം പെറ്റീഷനുകളും 8 പ്രോസിക്യൂഷനും ഫയൽ ചെയ്തിട്ടുണ്ട്. കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിൽ പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ പരിശോധനാകുറിപ്പ് നൽകുകയും ആയത് പരിഹരിക്കാത്ത സാഹചര്യത്തിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള വിവിധ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. എറണാകുളം ജില്ലയിൽ ഷോപ്പിംഗ് മാളുകളിൽ നടത്തിയ പരിശോധനയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയത് പരിഹരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ 2 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നടത്തിയ പരിശോധനയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയത് പരിഹരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ 1 സ്ഥാപനത്തിനെതിരെ |

പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് തൃശ്ശൂർ ജില്ലയിൽ സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ വിഭാഗത്തിൽപെടുന്ന സ്ഥാപനങ്ങൾക്കെതിരെ 16 പ്രോസിക്യൂഷനും 2 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**